No. CEE/888/2019/3 LL.B/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## ത്രിവത്സര എൽഎൽ.ബി. കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ, 2019–20 അപേക്ഷകൾ ക്ഷണിച്ചു

**1.** തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ സർക്കാർ ലോ കോളേജുകളിലെയും സംസ്ഥാന സർക്കാരുമായി സീറ്റ് പങ്കിടുന്ന സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 2019–20 അധ്യയന വർഷത്തെ ത്രിവത്സര എൽഎൽ.ബി. കോഴ്സിലേയ്ക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചു.

**2.** <u>പ്രവേശനത്തിന് വേണ്ട യോഗ്യതകൾ</u>:

(i) **നേറ്റിവിറ്റി**: അപേക്ഷകൻ ഇന്ത്യൻ പൗരൻ ആയിരിക്കണം.കേരളീയരായ അപേക്ഷകർക്ക് മാത്രമേ സംവരണാനുകൂല്യങ്ങൾക്കും ഫീസാനുകൂല്യങ്ങൾക്കും അർഹതയുള്ളൂ(പ്രോസ്പെക്ടസ് ക്ലോസ് 6.(i) കാണുക).

(ii) **വിദ്യാഭ്യാസ യോഗ്യത** :

a) എതെങ്കിലും വിഷയത്തിൽ കേരളത്തിലെ എതെങ്കിലും ഒരു സർവകലാശാലയുടെ ബിരുദമോ അല്ലെങ്കിൽ കേരളത്തിലെ എതെങ്കിലും സർവകലാശാല തത്തുല്യമായി അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും സർവകലാശാലയുടെ ബിരുദമോ നേടിയിരിക്കണം.

b) യോഗ്യതാ പരീക്ഷ ചുരുങ്ങിയത് 45% മാർക്ക് നേടി പാസ്സായിരിക്കണം. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന (എസ്.ഇ.ബി.സി) വിഭാഗങ്ങൾക്ക് 42% മാർക്കും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് 40% മാർക്കും മതിയാകും. (പ്രോസ്പെക്ടസ് ക്ലോസ് 6.(ii) (b) കാണുക).

c) ഈ വർഷം യോഗ്യതാ പരീക്ഷ എഴുതുന്നവർക്കും/എഴുതിയവർക്കും അപേക്ഷിക്കാം. ഇത്തരം അപേക്ഷകർ അഡ്മിഷൻ സമയത്ത് യോഗ്യത പരീക്ഷ പാസ്സായതിന്റെ സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റും ഹാജരാക്കണം.

(iii) **വയസ്**: കുറഞ്ഞ പ്രായപരിധിയില്ല. ഉയർന്ന പ്രായ പരിധി ബന്ധപ്പെട്ട കേസുകളിലെ ബഹു. സുപ്രീം കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയമായിരിക്കും.

(iv) **പ്രവേശന പരീക്ഷയിലെ യോഗ്യതാ മാനദണ്ഡം**: ത്രിവത്സര എൽഎൽ.ബി.പ്രവേശന പരീക്ഷയിൽ യോഗ്യത നേടുന്നതിന് ജനറൽ വിഭാഗക്കാർ കുറഞ്ഞത് 10% മാർക്കും എസ്.സി./ എസ്.റ്റി. വിഭാഗക്കാർ കുറഞ്ഞത് 5% മാർക്കും നേടിയിരിക്കണം.

**3. പ്രവേശന പരീക്ഷ:** പ്രവേശന പരീക്ഷ കമ്പ്യൂട്ടർ അധിഷ്ഠിതമായിരിക്കും. തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ വച്ച് മെയ് മാസം അവസാന ആഴ്ചയിൽ പ്രവേശന പരീക്ഷ നടത്തുന്നതാണ്. കൃത്യമായ തീയതി പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. 2 മണിക്കൂർ ദൈർഘ്യമുള്ള പ്രവേശന പരീക്ഷയ്ക്ക് ജനറൽ ഇംഗ്ലീഷ്, പൊതുവിജ്ഞാനം, ഗണിതവും മാനസികശേഷിയും, നിയമ പഠനത്തിനുള്ള അഭിരുചി എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഒബ്ജക്ടീവ് മാതൃകയിലുള്ള 200 ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഓരോ ശരിയുത്തരത്തിനും 3 മാർക്ക് വീതമായിരിക്കും (ആകെ 200 X 3 = 600) തെറ്റായ ഓരോ ഉത്തരത്തിനും ഒരു മാർക്ക് വീതം കുറവുചെയ്യുന്നതാണ്.

**4. ഓൺലൈൻ അപേക്ഷാ സമർപ്പണവും അപേക്ഷാ ഫീസും**: ജനറൽ/എസ്.ഇ.ബി.സി വിഭാഗത്തിന് **650/– രൂപ**യും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് **325/– രൂപ**യുമാണ് അപേക്ഷാ ഫീസ്. അപേക്ഷാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **02.05.2019** മുതൽ **12.05.2019 വൈകുന്നേരം 5 മണി**യ്ക്കകം ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫീസ് ഓൺലൈൻ പേയ്മെന്റായോ ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഇ–ചെലാൻ മുഖേനയോ അടയ്ക്കേണ്ടതാണ് (ക്ലോസ് 13.2.3 കാണുക). ഇ–ചെലാൻ വഴി ഫീസ് ഒടുക്കുന്നവർ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഏതെങ്കിലും ഹെഡ്/സബ് പോസ്റ്റ് ഓഫീസിൽ പണമായി ഫീസ് അടയ്ക്കേണ്ടതാണ്. അപേക്ഷാ ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. ഫീസ് ഒടുക്കിയശേഷം അപേക്ഷകന്റെ അടുത്ത കാലത്ത് എടുത്ത പാസ്പോർട്ട് സൈസ് കളർ ഫോട്ടോ, ഒപ്പ്, ആവശ്യമായ സർട്ടിഫിക്കറ്റുകൾ/ അനുബന്ധ രേഖകൾ എന്നിവ പ്രോസ്പെക്ടസ് ക്ലോസ് 13.2.4–ൽ പറഞ്ഞിരിക്കുന്ന പ്രകാരം ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. **<u>അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.</u>**

**ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ട സർട്ടിഫിക്കറ്റുകൾ/രേഖകൾ**

- നേറ്റിവിറ്റി തെളിയിക്കുന്നതിനായി പ്രോസ്പെക്ടസ് ക്ലോസ് 6(i)–ൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ഒരു രേഖ.
- ജനനത്തീയതി തെളിയിക്കുന്നതിനായി എസ്.എസ്.എൽ.സി/ജനന സർട്ടിഫിക്കറ്റ്/പാസ്പോർട്ട്.
- അപേക്ഷാർത്ഥി എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ തഹസീൽദാർ നൽകിയ ജാതി സർട്ടിഫിക്കറ്റ്.
- അപേക്ഷാർത്ഥി എസ്.ഇ.ബി.സി/ഒ.ഇ.സി വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകിയ നോൺ–ക്രീമിലെയർ സർട്ടിഫിക്കറ്റ് (സംസ്ഥാനത്തെ വിദ്യാഭ്യാസ ആവശ്യത്തിനു നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് മാത്രം).
- അപേക്ഷാർത്ഥി നോൺ–ക്രീമിലെർ വിഭാഗത്തിൽപ്പെടാത്ത ഒ.ഇ.സി വിദ്യാർത്ഥിയാണെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ്.
- അപേക്ഷാർത്ഥി പ്രോസ്പെക്ടസ് അനുബന്ധം–IV(a) ലെ വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റും നോൺ–ക്രീമിലെയർ (സംസ്ഥാനത്തെ വിദ്യാഭ്യാസ ആവശ്യത്തിനു നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് മാത്രം)/ജാതി സർട്ടിഫിക്കറ്റും.
- അപേക്ഷാർത്ഥി മിശ്രവിവാഹിതരായ പട്ടികജാതി/പട്ടിക വർഗ വിഭാഗങ്ങളിൽപ്പെട്ട രക്ഷിതാക്കളുടെ മകൻ/മകൾ ആണെങ്കിൽ തഹസീൽദാർ നൽകിയ മിശ്രവിവാഹ സർട്ടിഫിക്കറ്റ്
- ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണം ബാധകമെങ്കിൽ അപേക്ഷ സമർപ്പിക്കുന്ന തീയതിക്ക് മുമ്പ് 12 മാസങ്ങൾക്കകം ജില്ലാ മെഡിക്കൽ ബോർഡ് നൽകിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്.
- പ്രത്യേക സംവരണം തെളിയിക്കുന്നതിനാവശ്യമായ നിശ്ചിത ഫോർമാറ്റിലുള്ള സർട്ടിഫിക്കറ്റ്.
- അപേക്ഷാർത്ഥി രജിസ്റ്റേഡ് മത്സ്യത്തൊഴിലാളിയുടെ മകൻ/മകൾ ആണെങ്കിൽ ഫീസിളവിനായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ബന്ധപ്പെട്ട ഫീഷറീസ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്.
- അപേക്ഷാർത്ഥി ശ്രീചിത്ര ഹോം, നിർഭയ ഹോം, ജുവനൈൽ ഹോം, സർക്കാരിന്റെ കീഴിലുള്ള ഇതുപോലുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസി ആണെങ്കിൽ ഫീസിളവിനായി സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായുള്ള വകുപ്പ് ഡയറക്ടർ നൽകുന്ന സർട്ടിഫിക്കറ്റ്.

5. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.
6. പ്രത്യേക സംവരണത്തിനായി വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ അപേക്ഷാ ഫോമിനോടൊപ്പം ലഭ്യമാകുന്ന നിശ്ചിത പ്രഫോർമകളിൽ തന്നെ സമർപ്പിക്കേണ്ടതാണ്.
7. **അഡ്മിറ്റ് കാർഡ്**: പ്രവേശന പരീക്ഷയ്ക്ക് ഓൺലൈൻ വഴി രജിസ്റ്റർ ചെയ്ത അപേക്ഷകർക്ക് അവരുടെ അഡ്മിറ്റ് കാർഡ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പിന്നീട് ലഭ്യമാക്കുന്നതാണ്. ഈ അഡ്മിറ്റ് കാർഡ് പരീക്ഷാഹാളിൽ കൊണ്ടുവരേണ്ടതാണ്.
8. **സീറ്റുകളുടെ അലോട്ട്മെന്റ്**: പ്രവേശന പരീക്ഷാഫലം പ്രസിദ്ധീകരിച്ച ശേഷം റാങ്ക്ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അപേക്ഷകർ ഓൺലൈനായി രേഖപ്പെടുത്തുന്ന കോളേജുകളുടെ താൽപര്യ മുൻഗണനാ ക്രമമനുസരിച്ച് കോഴ്സിന്റെ പ്രവേശനത്തിനുള്ള കേന്ദ്രീകൃത ഓൺലൈൻ അലോട്ട്മെന്റ് നടത്തുന്നതാണ്. കേന്ദ്രീകൃത അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ വെബ്സൈറ്റിലും പ്രമുഖ ദിനപത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് വ്യക്തിപരമായ അറിയിപ്പുകൾ നൽകുന്നതല്ല.
9. **2019–20–ലെ** ത്രിവൽസര എൽ.എൽ.ബി. കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയും അലോട്ട്മെന്റും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പെക്ടസിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും. അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് അപേക്ഷകർ ഇത് ശ്രദ്ധാപൂർവ്വം വായിക്കേണ്ടതാണ്.

**ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471–2332120, 2339101, 2339102, 2339103, 2339104**

Seetha

തിരുവനന്തപുരം
02.05.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**